ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 10-03-2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളവും തമിഴ്നാടും സന്ദർശിക്കും. 16,000 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi will visit Kerala and Tamil Nadu tomorrow. The Prime Minister to inaugurate development projects worth Rs 16,000 crore to the nation.**

2. നേപ്പാളിൽ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി അധികാരത്തിലേക്ക്. വിജയികളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **RSP to come to power in Nepal. Prime Minister Narendra Modi congratulates the winners.**

3. പശ്ചിമേഷ്യയിൽ സംഘർഷത്തിന് അയവില്ല, ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കുകയാണ് കേന്ദ്രത്തിന്റെ പ്രഥമ പരിഗണനയെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **Tensions continue in West Asia, EAM S. Jaishankar said, ensuring the safety of Indian citizens is the Center's first priority.**

4. എല്ലാവർക്കും ഒരുപോലെ പ്രാപ്യമായ സമഗ്ര വിദ്യാഭ്യാസം എന്നത് ലക്ഷ്യമിട്ടാണ് ദേശീയ വിദ്യാഭ്യാസ നയം കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

   **National Education Policy was brought with the aim of providing comprehensive education equally accessible to all: Union Minister Dharmendra Pradhan.**

5. സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായാൽ കർശന നടപടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Strict action will be taken if there is any lapse on the part of staffs in Government hospitals: CM Pinarayi Vijayan.**

6. വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ - സ്കോട്ട്ലൻഡ് യോഗ്യതാ മത്സരം സമനിലയിൽ പിരിഞ്ഞു.

**In the Women's Hockey World Cup, the India – Scotland qualifying match ended in a draw.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളവും തമിഴ്നാടും സന്ദർശിക്കും. നാളെ ഉച്ചയ്ക്ക് എറണാകുളത്തെത്തുന്ന പ്രധാനമന്ത്രി, 10,800 കോടി രൂപയുടെ ഒന്നിലധികം വികസന പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും. വൈകിട്ട് തിരുച്ചിറപ്പള്ളിയിൽ ഏകദേശം 5,650 കോടി രൂപയുടെ ഒന്നിലധികം വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. രണ്ടിടങ്ങളിലും സംഘടിപ്പിച്ചിട്ടുള്ള പൊതുസമ്മേളനത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി എണ്ണശുദ്ധീകരണശാലയിലെ പോളിപ്രൊപ്പിലീൻ യൂണിറ്റിനു തറക്കല്ലിടുന്നതാണ് പ്രധാനമന്ത്രിയുടെ കേരളത്തിലെ പരിപാടികളിൽ സുപ്രധാനം. 5,500 കോടി രൂപയിലധികം നിക്ഷേപം വരുന്ന ഈ പദ്ധതിയുടെ പ്രതിവർഷ ഉൽപ്പാദനശേഷി 400 കിലോ ടൺ ആണ്. റോഡ് അടിസ്ഥാനസൗകര്യമേഖലയിൽ രണ്ടു പ്രധാന ദേശീയ പാത പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം*

*ചെയ്യും. ദേശീയപാത 66-ലെ തലപ്പാടി മുതൽ ചെങ്കള വരെ 2,650 കോടി രൂപയിലധികം ചെലവിൽ നിർമിച്ച ആറുവരിപ്പാതയാണ് ഇതിൽ ആദ്യത്തേത്. 2,140 കോടി രൂപ ചെലവിൽ നിർമിച്ച വെങ്ങളം മുതൽ രാമനാട്ടുകരവരെയുള്ള കോഴിക്കോടു ബൈപ്പാസിന്റെ ആറുവരിപ്പാതയാണ് രണ്ടാമത്തെ പദ്ധതി. പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച 23 ഗ്രാമീണ റോഡുകളുടെയും അമൃതഭാരത സ്റ്റേഷൻ പദ്ധതിക്കുകീഴിൽ പുനർവികസിപ്പിച്ച ഷൊർണൂർ ജങ്ഷൻ, കുറ്റിപ്പുറം, ചങ്ങനാശേരി എന്നീ മൂന്നു റെയിൽവേ സ്റ്റേഷനുകളുടെയും ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽപ്പാത വൈദ്യുതവൽക്കരണപദ്ധതിയും രാഷ്ട്രത്തിനു സമർപ്പിക്കുന്ന പ്രധാനമന്ത്രി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും തറക്കല്ലിടും.*

***ന്യൂസ് ഡസ്ക് ആകാശവാണി....***

********************************

## PM - KOCHI

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' എന്ന പരിപാടിയെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

********************************

## NEPAL POLLS RESULTS

നേപ്പാൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ, മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടി രാഷ്ട്രീയ സ്വതന്ത്ര പാർട്ടി അധികാരത്തിലേക്ക്. ഇന്നലെ രാത്രി വരെയുള്ള കണക്കനുസരിച്ച് പ്രഖ്യാപിച്ച 164 സീറ്റുകളിൽ

ആർ.എസ്.പി 125 സീറ്റുകളും ആനുപാതിക വോട്ടിംഗ് സമ്പ്രദായത്തിൽ 40 ലക്ഷത്തിലധികം വോട്ടുകളും നേടി. നേപ്പാളി കോൺഗ്രസ് 18 സീറ്റുകൾ നേടി. പ്രധാനമന്ത്രി സ്ഥാനത്തേക്ക് ബാലേന്ദ്ര ഷാ തെരഞ്ഞടുക്കപ്പെടുമെന്നും ഉറപ്പായി.

********************************

## PM NEPAL

നേപ്പാൾ പൊതുതെരഞ്ഞെടുപ്പിൽ വിജയിച്ച രാഷ്ട്രീയ സ്വതന്ത്ര പാർട്ടിയുടെ ചെയർമാൻ റാബി ലാമിച്ചനെയും മുതിർന്ന നേതാവായ ബാലേന്ദ്ര ഷായെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പുതിയ നേപ്പാൾ സർക്കാറുമായി യോജിച്ച് പ്രവർത്തിക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും പ്രധാനമന്ത്രി അറിയിച്ചു.

********************************

## IRAN-US-MILITARY-DEATHS

ഇറാനെതിരായ ആക്രമണം ശക്തമാക്കി ഇസ്രയേൽ അമേരിക്ക സഖ്യം. ഇറാനിലെ ഐആർജിസി ഡ്രോൺ ആസ്ഥാനത്തും ഇറാൻ സർക്കാരുമായി ബന്ധപ്പെട്ട ഒന്നിലധികം കേന്ദ്രങ്ങളിലും വ്യോമാക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം അറിയിച്ചു. ഇറാനും ശക്തമായി തിരിച്ചടിക്കുകയാണ്. തുർക്കി, യുഎഇ, കുവൈറ്റ്, ഖത്തർ എന്നിവിടങ്ങളിലേക്ക് അയച്ച ഇറാനിയൻ മിസൈലുകൾ തകർക്കപ്പെട്ടു. ബഹ്റൈനിൽ ഉണ്ടായ ഇറാനിയൻ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. അതിനിടെ, ഇറാൻ യുദ്ധം "വളരെ വേഗത്തിൽ" അവസാനിക്കുമെന്ന് യു,എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു.

********************************

## JAISANKAR - WEST ASIA (INTRO)

പശ്ചിമേഷ്യയിലെ സാഹചര്യം സർക്കാർ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കുകയാണ് സർക്കാരിന്റെ പ്രഥമ പരിഗണനയെന്ന് പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ഇന്നലെ രാജ്യസഭയിൽ പ്രസ്താവന നടത്തവേ ശ്രീ ജയ്ശങ്കർ പറഞ്ഞു.

(വോയിസ്….)

*******************************

## INDIAN EMBASSY QATAR

സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഖത്തറിൽ കുടുങ്ങിയ ആയിരത്തോളം പേരെ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി ഇന്ത്യയിലേക്ക് തിരിച്ചയക്കാൻ കഴിഞ്ഞതായി ഖത്തറിലെ ഇന്ത്യൻ എംബസി അറിയിച്ചു. ഇന്നലെ ദോഹയിൽ നിന്ന് ഡൽഹിയിലേക്ക് സർവീസ് നടത്തിയ ഖത്തർ എയർവേയ്സ് വിമാനത്തിൽ 300 ലധികം യാത്രക്കാരെ ഇന്ത്യയിലെത്തിച്ചു. ഖത്തർ എയർവേയ്സ് ഇന്ന് ഡൽഹി, മുംബൈ, കൊച്ചി എന്നിവിടങ്ങളിലേക്ക് മൂന്ന് വിമാന സർവീസ് നടത്തുമെന്നും എംബസി അറിയിച്ചു. അതിനിടെ, ഇറാനിലെ ഇന്ത്യൻ പൗരന്മാർ എംബസിയുടെ മുൻകൂർ അനുവാദമില്ലാതെ രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിലേക്ക് കടക്കരുതെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസിയും അറിയിച്ചിട്ടുണ്ട്.

*******************************

## MORN. GOVT-LPG

പാചകവാതകത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എണ്ണ ശുദ്ധീകരണശാലകൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ സാഹചര്യത്തിലാണ് ഈ നീക്കം. ഗാർഹിക എൽപിജി വിതരണത്തിന് സർക്കാർ മുൻഗണന

നൽകിയിട്ടുണ്ടെന്നും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഒഴിവാക്കാൻ 25 ദിവസത്തെ ബുക്കിംഗ് കാലയളവ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം അറിയിച്ചു. ഗ്യാസ് സിലിണ്ടറുകളുടെ പൂഴ്ത്തി വെപ്പ് തടയാൻ കർശന നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ തിരുവനന്തപുരത്ത് അറിയിച്ചു.

*******************************

## MIDDLE EAST WAR- SEBI

പശ്ചിമേഷ്യയിലെ സംഘർഷം മൂലം രാജ്യത്തെ സാമ്പത്തിക വിപണികളിൽ വർദ്ധിച്ചുവരുന്ന അസ്ഥിരതകളിൽ നിക്ഷേപകർ ആശങ്കപ്പെടേണ്ടതില്ലെന്ന് സെബി ചെയർമാൻ തുഹിൻ കാന്ത പാണ്ഡെ പറഞ്ഞു. ഇന്ത്യയുടെ അടിസ്ഥാന സാമ്പത്തിക ശക്തി ആഗോള ആഘാതങ്ങളെ മറികടക്കാൻ ശക്തമാണെന്നും ആഭ്യന്തര വിപണികൾക്ക് സ്ഥിരത നൽകുന്നത് തുടരുമെന്നും ശ്രീ.പാണ്ഡെ  മുംബൈയിൽ പറഞ്ഞു.

*******************************

## PRADHAN-WEBINAR

സമഗ്രവും എല്ലാവർക്കും ഒരുപോലെ പ്രാപ്യവുമായ വിദ്യാഭ്യാസം എന്നത് ലക്ഷ്യമിട്ടാണ് ദേശീയ വിദ്യാഭ്യാസ നയം കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. വിദ്യാഭ്യാസം, തൊഴിൽ, സംരംഭം, നവീകരണം, ഗവേഷണം എന്നിവയ്ക്ക് ഈ വർഷത്തെ ബജറ്റിൽ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം എന്ന വിഷയത്തിലെ ബജറ്റാനന്തര വെബിനാറിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

*******************************

## CM TVM GH

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സംഭവിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് കാട്ടി ആരോഗ്യപ്രവർത്തകരുടെ മനോവീര്യം തകർക്കാൻ ചിലർ ശ്രമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ 137 കോടി രൂപ ചെലവിൽ നിർമിക്കുന്ന ബഹുനില മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ചയുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

********************************

## FIH HOCKEY

ഹൈദരാബാദിൽ ഇന്നലെ നടന്ന ഇന്ത്യ - സ്കോട്ട്ലൻഡ് എഫ്.ഐ.എച്ച് വനിതാ ഹോക്കി ലോകകപ്പ് 2026 യോഗ്യതാ മത്സരം സമനിലയിൽ പിരിഞ്ഞു. ആദ്യ പകുതിയിൽ ഇന്ത്യൻ ടീം 2-1 ന് മുന്നിലായിരുന്നെങ്കിലും മൂന്നാം ക്വാർട്ടറിൽ സ്കോട്ട്ലൻഡ് തിരിച്ചുവന്നു. ബെൽജിയവും നെതർലാൻഡ്സും സംയുക്തമായാണ് ഈ വർഷം ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്.

********************************

## VAISHNAW- WEBINAR (INTRO)

രാജ്യത്തിന്റെ സംസ്കാരം, ഭക്ഷണം, പ്രാദേശിക ഉൽപ്പന്നങ്ങൾ എന്നിവ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ ഇന്ത്യയുടെ ക്രിയേറ്റർ ഇക്കണോമി മേഖലയിലൂടെ സാധിക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു

കേന്ദ്രമന്ത്രി. വിനോദ സമ്പദ്‌വ്യവസ്ഥയുടെ പ്രോത്സാഹനത്തിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസിന്റെ ആദ്യ കാമ്പസ് മുംബൈയിൽ സ്ഥാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്....)

********************************

## JITENDRA- 35$^{TH}$ SCOVA MEETING

കേന്ദ്ര സർക്കാർ പെൻഷനേഴ്സ് ക്ഷേമ വകുപ്പ് ന്യൂഡൽഹിയിൽ ഇന്ന് ചേരുന്ന യോഗത്തിന് പൊതുജന പരാതി പരിഹാരം, പെൻഷൻ വകുപ്പു സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് അധ്യക്ഷത വഹിക്കും. കേന്ദ്ര സർക്കാർ പെൻഷൻകാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായാണ് യോഗം സംഘടിപ്പിക്കുന്നത്. നയ ഏകോപനം ശക്തിപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും യോഗം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര സർക്കാർ പെൻഷനേഴ്സ് ക്ഷേമ വകുപ്പ് അറിയിച്ചു.

********************************

## MORN.ASSAM-RS ELECTION

അസമിൽ, ഭരണകക്ഷിയായ എൻഡിഎയിലെ മൂന്ന് സ്ഥാനാർത്ഥികൾ രാജ്യസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ബിജെപിയിലെ ജോഗൻ മോഹൻ, തേരാഷ് ഗോവാലാ, യുണൈറ്റഡ് പീപ്പിൾസ് പാർട്ടി ലിബറലിന്റെ പ്രമോദ് ബോറോ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിംഗ് ഓഫീസർ ഔദ്യോഗികമായി പ്രഖ്യാപിച്ചു. പശ്ചിമ ബംഗാളിലും അഞ്ച് രാജ്യസഭാ സീറ്റുകളിലേക്കുള്ള ഫലം പ്രഖ്യാപിച്ചു. തൃണമൂൽ കോൺഗ്രസിലെ ബാബുൽ സുപ്രിയോ, കോയൽ മല്ലിക്, രാജീവ് കുമാർ, മേനക ഗുരുസ്വാമി എന്നിവരും ബിജെപി

സ്ഥാനാർത്ഥി രാഹുൽ സിൻഹയുമാണ് തിരഞ്ഞെടുപ്പിൽ വിജയിച്ചത്.

☸
☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸